# തിരുവനന്തപുരം സിറ്റി പോലീസ്

തിരുവനന്തപുരം:- നേമം പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളായണി ഭാഗത്ത് നിന്നും രണ്ടു കിലോഗ്രാം ഗഞ്ചാവും ആഡംബര കാറുമായി രണ്ടു പ്രതികൾ പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൊല്ലം കാഞ്ഞാവളി കാഞ്ഞിരംകുഴി, ഓലിക്കര കായൽവാരം വീട്ടിൽ അൻസാർ H23) കൊല്ലം പെരുനാട് ഇഞ്ചിവിള പാലവിള പടിഞ്ഞാറ്റതിൽ വീട്ടിൽ രാജേഷ് (29) എന്നിവരെയാണ് നേമം എസ് എച്ച് ഓ യുടെ നേതൃതത്തിൽ തിരുവനന്തപുരം സിറ്റി ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ഫോഴ്സ്) ടീം അംഗങ്ങൾ പിടികൂടിയത്. കൊല്ലം സ്വദേശികളായ പ്രതികൾ നെയ്യാറ്റിൻകര ഭാഗത്ത് നിന്നും രണ്ടു കിലോ ഗഞ്ചാവ് വാങ്ങി കൊണ്ട് പോകുമ്പോഴാണ് പോലീസ് പിടിയിലായുന്നത്. ഇവർ ഇതിനെ ചെറു പൊതികളാക്കി കൂടുതൽ ലാഭത്തിനു കൊല്ലം ഭാഗങ്ങളിൽ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. ആഡംബര കാറുകളാണ് പ്രതികൾ ഗഞ്ചാവ് കടത്തുന്നതിനായി ഉപയോഗിക്കുന്നത്. തിരുവനന്തപുരം സിറ്റി നാർക്കോട്ടിക് സെൽ അസി.



നേമം പോലീസ് അറസ്റ്റ് ചെയ്ത
അൻസാർ (23) രാജേഷ് (29)

കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നേമം എസ് എച്ച് ഓ അനൂപ് കൃഷ്ണ, എസ് ഐ മാരായ ദീപു, ജയകുമാർL എ എസ് ഐ അനിൽകുമാർ ഡാൻസാഫ് ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്ത്, ലജൻ എന്നിവർ നടത്തിയ അന്വേഷണത്തിലാണ് രണ്ടു കിലോ ഗഞ്ചാവുമായി പ്രതികൾ പിടിയിലായത്.